29481

33

# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
## ( ഹാജർ: ശ്രീമതി. നീലാ ഗംഗാധരൻ, ഐ.എ.എസ്. )
( പബ്ളിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം 33 )

നം. എൽ ആർ. (എ) 3- 7783 / 2008 തിയതി -04-12--2008.

വിഷയം കേരള മുദ്രപത്ര നിയമം - 54 ( 1 ) - കോഴിക്കോട് ജില്ലാ രജിസ്ട്രാർ ജനറലിന്റെ ഉത്തരവിനെതിരായ അപ്പീൽ ഹർജി - സംബന്ധിച്ച്

സൂചന 13-02-2008 ശ്രീ. കുഞ്ഞികേളപ്പൻ സമർപ്പിച്ച അപ്പീൽ ഹർജി

പേരാമ്പ്ര സബ് രജിസ്ട്രാർ ഓഫീസിലെ പി 4 /06 നമ്പർ ബന്തവസ്സാധാരത്തിന് 19,000 /- രൂപ മുദ്ര വിലയും 100 /- രൂപ പിഴയും അടയ്ക്കണമെന്ന് കോഴിക്കോട് ജില്ലാ രജിസ്ട്രാറുടെ 15-11-2006 ലെ ജി.എൽ 9292/ 06 നമ്പർ ഉത്തരവിനെതിരെ സമർപ്പിച്ചിട്ടുള്ളതാണ് പ്രസ്തുത അപ്പീൽ ഹർജി.

പേരാമ്പ്ര സബ് രജിസ്ട്രാർ ഓഫീസിലെ പി 4 /06 നമ്പർ ബന്തവസ്സാധാരം 2006 ജൂൺ മാസം 24 -ാം തീയതി ഒപ്പിട്ടതും , ചെക്കോട്ടി എന്നയാളുടെ മക്കളായ കുഞ്ഞികേളപ്പൻ , ബാലകൃഷ്ണൻ, സുകുമാർ എന്നിവർ ചേർന്ന് എഴുതിയതുമായ ഒരു ഭാഗപത്രമായിട്ടാണ് ചമച്ചിരിക്കുന്നതെന്നും, 7,00,000 /- രൂപ ആകെ വിലയും, 4,00,000 /- രൂപ വിഭാഗ സലയുമുള്ള ടി ആധാരം 1,000 /- രൂപയുടെ മുദ്രപത്രത്തിലാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 30-06-2006 ലെ ആർ. ആർ 4 -2975/06 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ആധാരത്തിന് കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 2 ( 1 ) പ്രകാരം മുദ്രസല ചുമത്തേണ്ടതാണെന്നും സബ് രജിസ്ട്രാറും, പ്രസ്തുത ബന്തവസ്സാധാരത്തിന് കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 42 ( 1 ) പ്രകാരം 20,000 /- രൂപ മുദ്ര ചുമത്തേണ്ട കരണമാണെന്ന് ജില്ലാ രജിസ്ട്രാർ ജനറലും അഭിപ്രായപ്പെട്ടിരിക്കുന്നു.

ബന്തവസ്സാധാരം പരിശോധിച്ചതിൽ നിന്നും , ആധാരത്തിലെ പട്ടിക വഹകൾ കക്ഷികൾക്ക് കൂട്ടവകാശപ്പെട്ടതാണെന്നും, ആധാര കക്ഷികൾ കേരള മുദ്രപത്ര നിയമ പ്രകാരം കുടുംബ നിർവ്വചത്തിൽപ്പെടുന്നവർ എന്നും , 11- ാം കേരളാ നിയമസഭാ സമ്മേളനത്തിലെ 01-04-2006 ലെ ധനകാര്യ ബിൽ പ്രകാരം ഭാഗപത്രാധാരത്തിന് വിഭാഗ സലയുടെ 5 % എന്നത്, പരമാവധി 1,000/- രൂപയെന്നാക്കി നിജപ്പെടുത്തിക്കൊണ്ട് 1959 ലെ കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തിയിരിക്കുന്നതായും, ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 196 ഭാഗം ( 5 ) പ്രകാരം സംസ്ഥാന നിയമസഭയിൽ പെൻഡിംഗിലുള്ളതോ , അല്ലെങ്കിൽ നിയമസഭാ പാസ്സാക്കിയിട്ടുള്ളതും , എന്നാൽ നിയമസഭാ കൗൺസിലിൽ പെൻഡിംഗിലുള്ളതോ ആയ ബിൽ നിയമസഭാ

412022

GOVERNMENT OF KERA

പിരിച്ചുവിടുന്നതോട് കൂടി ലാപ്സാകുമെന്ന് പരാമർശിച്ചിരിക്കുന്നതിനാൽ 11 -ാം കേരളാ നിയമസഭാ 12-05-2006 ൽ പിരിച്ചു വിട്ട സാഹചര്യത്തിൽ ഭാഗപത്രാധാരത്തിന്റെ മുദ്ര സല പരമാവധി 1,000/- ആയി നിജപ്പെടുത്തിക്കൊണ്ട് 1959 ലെ കേരള മുദ്രപത്ര നിയമം പട്ടിക ആർട്ടിക്കിൾ 42 ( 1 ) ൽ വരുത്തിയ ഭേദഗതി 11- ാം കേരള നിയമസഭയിൽ ബില്ല് അവതരിപ്പിച്ച 01-04-2006 മുതൽ നിയമസഭ പിരിച്ചുവിട്ട 12-05-2006 വരെയുള്ള കാലയളവിൽ മാത്രമേ ബാധകമാകുകയുള്ളൂ എന്നും, മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 24-06-2006 - ാം തീയതി എഴുതി ഒപ്പിട്ട പ്രസ്തുത ബന്തവസ്സാധാരത്തിന് അന്നു നിലവിലുള്ള നിരക്കിൽ കേരള മുദ്രപത്ര നിയമം പട്ടിക 42 ( 1 ) പ്രകാരം വിഭാഗ സലയുടെ 5 % നിരക്കിൽ 20,000/- രൂപ മുദ്രസല ചുമത്തേണ്ടതാണെന്നും, ചുമത്തിയിട്ടുള്ള 1,000/- രൂപ കഴിച്ച് 19,000/- രൂപ മുദ്ര ആവശ്യമാണെന്നും , ആയതിനാൽ ജില്ലാ രജിസ്ട്രാറുടെ ഉത്തരവ് നിലനില്ക്കുന്നതാണെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

ബന്തവസ്സാധാരം പരിശോധിച്ചതിൽ 2006 ജൂൺ 24 - ാം തീയതി ആധാരം എഴുതി ഒപ്പിട്ടിട്ടുള്ളതും, കേരള മുദ്രപത്ര നിയമം ആർട്ടിക്കിൾ 42 ( 1 ) ൽപ്പെടുന്നതുമായ ഭാഗപത്രമാണെന്ന് കാണുന്നു. ആയതിന് കേരള മുദ്രപത്ര നിയമം ആർട്ടിക്കിൾ 42 ( 1 ) പ്രകാരം വിഭാഗ സലയുടെ 5 % മുദ്രസല അടയ്ക്കേണ്ടതാണ്. എന്നാൽ , 01-04-2006 ലെ 11- ാം നിയമസഭാ സമ്മേളനത്തിലെ ധനകാര്യ ബിൽ പ്രകാരം ഭാഗപത്രത്തിന് വിഭാഗ സലയുടെ 5 % മുദ്രസല എന്നുള്ളത് പരമാവധി 1,000 /- രൂപയെന്ന് നിജപ്പെടുത്തി , തുടർന്ന് 29-06-2006 ലെ 12 - ാം നിയമസഭയിലെ ധനകാര്യ ബില്ലിൽ ആയതിനെപ്പറ്റി പരാമർശം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇന്ത്യൻ ഭരണ ഘടനയിലെ ആർട്ടിക്കിൾ 196 ഭാഗം ( 5 ) പ്രകാരം ഭാഗപത്രാധാരത്തിന് 1,000/- രൂപയെന്നത് 11- ാം നിയമസഭയിൽ ബില്ല് അവതരിപ്പിച്ച 01-04-2006 മുതൽ നിയമസഭാ സമ്മേളനം പിരിച്ചുവിട്ട 12-05-2006 വരെയുള്ള കാലയളവിൽ മാത്രമെ , ബാധകമാകൂ എന്നു കാണുന്നു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 24-06-2006 ൽ എഴുതി ഒപ്പിട്ട് പ്രസ്തുത ബന്തവസ്സാധാരത്തിന് വിഭാഗ സലയുടെ 5 % നിരക്കിൽ മുദ്രസല ഈടാക്കേണ്ടതാണെന്നു കാണുന്നു.

**ഉത്തരവ്**

15-10-2008 ൽ കക്ഷികൾ വിചാരണയ്ക്കായി ഹാജരായി. സഹോദരങ്ങൾ തമ്മിലുള്ള ഭാഗപത്രാധാരമായാണ് ബന്തവസ്സാധാരം ചമച്ചിട്ടുള്ളത്. ആധാരം രജിസ്റ്റർ ചെയ്യുന്ന സമയത്ത് സ്റ്റാമ്പു ഡ്യൂട്ടി വർദ്ധനവിനെക്കുറിച്ച് അറിയിപ്പ് ഒന്നും തന്നെ ഇല്ലായിരുന്നുവെന്നും, ഭാഗപത്രാധാരത്തിന് 1,000/- രൂപയാണെന്നും കക്ഷി വാദിച്ചു.

24-06-2006 ൽ എഴുതി ഒപ്പിട്ട , കേരളാ മുദ്രപ്പത്ര നിയമം ആർട്ടിക്കിൾ 42 ( 1 ) ൽ പ്പെട്ട പ്രസ്തുത ഭാഗപത്രാധാരത്തിന് കേരളാ മുദ്രപ്പത്ര നിയമം ആർട്ടിക്കിൾ 42 ( 1 )

4120224

GOVERNMENT OF KERAL

34

പ്രകാരം വിഭാഗസലയുടെ 5 % മുദ്രസല അടയ്ക്കേണ്ടതാണ്. എന്നാൽ 01-042006 ലെ 11-ാം നിയമസഭ സമ്മേളനത്തിലെ ധനകാര്യ ബിൽ പ്രകാരം ഭാഗപത്രത്തിന് വിഭാഗസലയുടെ 5% മുദ്രവില എന്നുള്ളത് പരമാവധി 1,000/- രൂപയെന്ന് നിജപ്പെടുത്തി. തുടർന്ന് 24-06-2006 ലെ 12-ാം നിയമസഭയിലെ ധനകാര്യ ബില്ലിൽ ആയതിനെപ്പറ്റി പരാമർശം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇന്ത്യൻ ഭരണ ഘടനയിലെ ആർട്ടിക്കിൾ 196 ഭാഗം ( 5 ) പ്രകാരം ഭാഗപത്രാധാരത്തിന് 1,000/- രൂപയെന്നത് 11-ാം നിയമസഭാ ബില്ല് അവതരിപ്പിച്ച 01-04-2006 മുതൽ നിയമസഭാ സമ്മേളനം പിരിച്ച് വിട്ട 12-05-2006 വരെയുള്ള കാലയളവിൽ മാത്രമേ ബാധകമാകൂ. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 24-06-2006 ൽ എഴുതി ഒപ്പിട്ട പ്രസ്തുത ആധാരത്തിന് വിഭാഗസലയുടെ 5% നിരക്കിൽ മുദ്രസല ഈടാക്കേണ്ടതാണ്. അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

ഒപ്പ്
കമ്മീഷണർ

പട്ടേരികണ്ടി കുഞ്ഞിക്കേളപ്പൻ,
S/o ചെക്കോടി, കളരിക്കണ്ടി മീത്തൽ,
തലഞ്ഞിപ്പാറ. പി ഒ, കോഴിക്കോട്.

പകർപ്പ്

1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം

2. ജില്ലാ രജിസ്ട്രാർ ജനറൽ,
കോഴിക്കോട്

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്